"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് – ശ്രീ. കെ. എം. പത്മനാഭന് 01.05.2008 മുതൽ 30.06.2019 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

ധനകാര്യ (പെൻഷൻ – എ) വകുപ്പ്

സ.ഉ.(സാധാ)നം. 8799/2026/ധന. തിരുവനന്തപുരം, തീയതി, 18.11.2026.

==========

പരാമർശം :– 1. ട്രഷറി ഡയറക്ടറുടെ 31.07.2026, 24.10.2026 -ലെ TRY/5423/2025-P4 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറലിന്റെ 13.08.2025 -ലെ P-10/2100826563/2/P/25/15/70696150 നമ്പർ റിവൈസ്ഡ് പെൻഷൻ പേയ്മെന്റ് ഓർഡർ.

ഉത്തരവ്

ബാങ്ക് മുഖേന പി.പി.ഒ നമ്പർ 1108329016 പ്രകാരം 01.05.2008 മുതൽ സർവ്വീസ് പെൻഷൻ വാങ്ങി വരുന്ന ശ്രീ. കെ. എം. പത്മനാഭൻ, ടിയാന് ലഭിക്കുന്ന പെൻഷൻ കുറവാണെന്നറിയിച്ച് അക്കൗണ്ടന്റ് ജനറലിന് അപേക്ഷ നൽകുകയും, പെൻഷൻ അനുവദിച്ച 01.05.2008 മുതൽ എട്ടാം റിവിഷൻ പ്രകാരം പെൻഷൻ 5,513/- രൂപയിൽ നിന്നും 5,651/- രൂപയാക്കി പെൻഷൻ റിവൈസ് ചെയ്ത് മുൻകാല പ്രാബല്യത്തോടെ അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8th, 9th, 10th പെൻഷൻ റിവിഷനുകൾ പ്രകാരം അടിസ്ഥാന പെൻഷൻ യഥാക്രമം 5,651/-, 9,946/-, 19,694/- ആയി പെൻഷൻ പരിഷ്കരിച്ച് നൽകുകയും പെൻഷൻ പരിഷ്കരിച്ചതിനെ തുടർന്ന് 01.05.2008 മുതൽ 30.06.2019 വരെയുള്ള വിവിധ കാലയളവിലെ പെൻഷൻ പരിഷ്കരണത്തിന്റെ കുടിശ്ശിക തുകയായ തുകയായ 1,54,084/- (ഒരു ലക്ഷത്തി അമ്പത്തി നാലായിരത്തി

എൺപത്തി നാല് രൂപ) രൂപയായി കണക്കാക്കി ട്രഷറി ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിക്കുകയും അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം മുൻകാല പ്രാബല്യത്തോടെ പെൻഷൻ പരിഷ്കരിച്ച് നൽകിയ സാഹചര്യത്തിൽ 01.05.2008 മുതൽ 30.06.2019 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക തുകയായ 1,54,084/- (ഒരു ലക്ഷത്തി അമ്പത്തി നാലായിരത്തി എൺപത്തി നാല് രൂപ മാത്രം) രൂപ ശ്രീ. കെ. എം. പത്മാനാഭന് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തുകയുടെ കൃത്യത ട്രഷറി ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയശങ്കർ കെ. ജി.
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരളം, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
4. ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ.
5. സബ് ട്രഷറി ഓഫീസർ, കണ്ണൂർ.
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-3611550)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ